"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - വകുപ്പിലെ അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് അംഗീകരിച്ചും വിജ്ഞാപനം ചെയ്യുന്നതിനുള്ള അനുമതി നൽകിയും ഉത്തരവാകുന്നു

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.293/2026/LSGD തിരുവനന്തപുരം,തീയതി: 05-02-2026

---

പരാമർശം:- 1. പ്രിൻസിപ്പൽ ഡയറക്ടറുടെ 20.01.2026-ലെ LSGD/PD/7762/2025/GEA1 നമ്പർ കത്ത്

**ഉത്തരവ്**

തദ്ദേശ സ്വയംഭരണവകുപ്പിലെ അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ (മുൻപ് നിലവിലിരുന്ന ഗ്രാമവികസന വകുപ്പിലെ അഡീഷണൽ ഡവലപ്മെന്റ് കമ്മീഷണർ, ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണർ, ഡെപ്യൂട്ടി ഡവലപ്മെന്റ് കമ്മീഷണർ, അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ തസ്തിക) 01.12.2025 അടിസ്ഥാനമാക്കിയുള്ള കരട് സീനിയോറിറ്റി ലിസ്റ്റ് വകുപ്പിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതിൽ ലഭിച്ച ആക്ഷേപങ്ങൾ എല്ലാം പരിഹരിച്ചിട്ടുണ്ടെന്നും ആയതിനാൽ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശപ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ നൽകിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണവകുപ്പിലെ (മുൻ ഗ്രാമവികസന വകുപ്പ്)അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ 01.12.2025 അടിസ്ഥാനമാക്കിയുള്ള സീനിയോറിറ്റി ലിസ്റ്റ് അംഗീകരിച്ചും ആയത് ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റഷീദാ എസ്
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
Signed by
Suja. M
Date: 05-02-2026 16:27:29
സെക്ഷൻ ഓഫീസർ